

# കിഴക്കെ പുത്തൻചിറ സെന്റ് ജോസഫ്സ് ഇടവക

പുരാതനമായ പുത്തൻചിറ പള്ളിയിലെ വിശുദ്ധ സെബസ്ത്യാനോസിന്റെ അമ്പ് തിരുനാളിനോടനു ബന്ധിച്ചുള്ള 'അമ്പെഴുന്നെള്ളിപ്പ്' വളരെ പ്രസിദ്ധമായിരുന്നു. ഇതിൽ അതിപ്രശസ്തമായ 'കിഴക്കുംമുറി അമ്പി'ന് നേതൃത്വം നല്കിയിരുന്നത് 'അമ്പ് സമുദായങ്ങളെ'ന്ന പേരിൽ അറിയപ്പെട്ടിരുന്ന വിശ്വാസികളുടെ കൂട്ടായ്മകളായിരുന്നു. കിഴക്കുംമുറി പ്രദേശത്ത് മൂരിക്കാട്, കോൾക്കുന്ന്, പാറയ്ക്കൽ എന്നീ മൂന്ന് അമ്പ് സമുദായങ്ങളാണ് പ്രവർത്തിച്ചിരുന്നത്. 1970 ജനുവരിയിലെ അമ്പ് തിരുനാൾ സാഘോഷം കൊണ്ടാടിയതിന്ശേഷം മിച്ചം വന്ന തുക എന്ത് ചെയ്യണമെന്ന സമുദായാംഗങ്ങൾക്കിടയിലെ കൂടിയാലോചനയുടെ പരിണതഫലം, പുത്തൻചിറ കിഴക്കുംമുറിയിൽ ഒരു ഇടവകപ്പള്ളി സ്ഥാപിക്കുകയെന്ന ക്രിയാത്മക നിർദ്ദേശത്തിന് ലഭിച്ച ഏകകണ്ഠാംഗീകാരമായിരുന്നു. ഇതിനായി മൂന്ന് സമുദായങ്ങളേയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെ പുതിയപള്ളി സ്ഥാപിക്കുവാനാവശ്യമായ സ്ഥലം കണ്ടെത്തുവാൻ ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ തീരുമാനമെടുത്തു.

അന്ന് പുത്തൻചിറ പള്ളി വികാരി, കവലക്കാട്ട് ബഹു. ജോസഫച്ചനായിരുന്നു. കിഴക്കുംമുറിയിൽ ഒരു പള്ളി പണിയുകയെന്ന കിഴക്കുംമുറിക്കാരുടെ അദമ്യമായ ആഗ്രഹത്തിന് മുമ്പിൽ എല്ലാവിധ സഹായസഹകരണങ്ങളും ബഹു. ജോസഫച്ചൻ വാഗ്ദാനം ചെയ്തു.

കിഴക്കേപള്ളിയുടെ പ്രാരംഭകനായിവർത്തിച്ച അദ്ദേഹത്തിന്റെ പ്രവർത്തനശൈലിക്കുള്ള അംഗീകാരമെന്നോണം, ബഹു. അച്ചന്റെ നാമഹേതുക്കനായ വിശുദ്ധ യൗസേപ്പിതാവിന്റെ നാമധേയത്തിൽത്തന്നെ പള്ളി പണിയുവാൻ കിഴക്കുംമുറിക്കാർ തീരുമാനമെടുത്തു.

## യജ്ഞഭൂവിലെ ത്യാഗമാനസർ

ഈ ഇടവക്കാരായ ശ്രീ. താക്കോൽക്കാരൻ ഇട്ടീര കുഞ്ഞുവറീത്, താക്കോൽക്കാരൻ ശ്രീ ഇട്ടി മാത്തു ഇട്ടിമാത്തു, താക്കോൽക്കാരൻ ശ്രീ കുഞ്ഞുവറീത് കൊച്ചുലോനപ്പൻ, പയ്യപ്പിള്ളി വറീത് ഭാര്യ റോസ തുടങ്ങിയവരൊക്കെ ത്യാഗമനോഭാവത്തോടെ ദാനം നല്കിയ ഭൂമിയിലാണ് ഈ വിശുദ്ധ മന്ദിരം അതിന്റെ അടിത്തറ പാകിയത്.

## ദേവാലയ നിർമ്മാണം, സിമിത്തേരി

ദേവാലയ നിർമ്മാണ് പ്രവർത്തനങ്ങളുടെ



സെന്റ് ജോസഫ്സ് കപ്പേള



സെന്റ് സെബാസ്റ്റ്യൻസ് കപ്പേള, പാറയ്ക്കൽ



സെന്റ് സെബാസ്റ്റ്യൻസ് കപ്പേള മൂരിക്കാട്



വാ. മറിയംത്രേസ്യ കപ്പേള കുണ്ടായി

പ്രാരംഭമെന്നോണം, അതിനുവേണ്ടി ലഭ്യമായ സ്ഥലമൊരുക്കി അവിടെ പ്രതീകാത്മകമായി ഒരു മരക്കുരിശ് സ്ഥാപിച്ച് ആശീർവ്വദിച്ചത് ബഹു. ജോസഫ് കവലക്കാട്ടച്ചനായിരുന്നു. എന്നാൽ പള്ളിപണി ആരംഭിക്കുന്നതിനു മുൻപെ പുത്തൻചിറ പള്ളിയിൽ നിന്നും അദ്ദേഹത്തിന് സ്ഥലംമാറ്റമായി.

തുടർന്ന് പുത്തൻചിറ പള്ളി വികാരിയായി സ്ഥാനമേറ്റത് ചാലിശ്ശേരി ബഹു. ഇഗ്നേഷ്യസച്ചനായിരുന്നു. അദ്ദേഹത്തിന്റെ പരിശ്രമഫലമായി പള്ളിയോടനുബന്ധിച്ച് സിമിത്തേരി സ്ഥാപിക്കാനുള്ള ഉത്തരവ് സമ്പാദിക്കുകയും, പള്ളിയുടെപണികൾ സാധ്യമാക്കുകയും ചെയ്തു. തൃശ്ശൂർ രൂപതാവികാരി ജനറാളായിരുന്ന മോൺ. ഐപ്പ് ഇരിമ്പൻ അവർകളാണ് 1973-ൽ ശ്മശാനാശീർവാദകർമ്മം നിർവ്വഹിച്ചത്.

1971 ഡിസംബർ 3-ാം തിയ്യതി അഭിവന്ദ്യ തൃശ്ശൂർ രൂപതാമെത്രാൻ ഡോ. ജോസഫ് കുണ്ടുകുളം തിരുമേനി പള്ളിയുടെ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുകയുണ്ടായി. ബഹു. ഇഗ്നേഷ്യസ് ചാലിശ്ശേരി അച്ചന് പുതിയ പള്ളിയിലേക്ക് സ്ഥലം മാറിപ്പോകേണ്ടിവന്നപ്പോൾ പകരം വികാരിയായി ചാർജ്ജെടുത്തത്, ചിറമ്മൽ ബഹു. ജോർജ്ജച്ചനായിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ പള്ളിപ്പണി കാര്യക്ഷമമായി പുരോഗമിച്ചിരുന്നെങ്കിലും, നിർമ്മാണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ആവേശം കൈവന്നത് ചിറ്റിലപ്പിള്ളി ബഹു. ജോബച്ചൻ പുത്തൻചിറ ഫൊറോന പള്ളി വികാരിയായി സ്ഥാനമേറ്റതിന് ശേഷമാണ്. ദേവാലയനിർമ്മാണത്തിന്റെ സിംഹഭാഗവും പൂർത്തീകരിച്ചത് അദ്ദേഹത്തിന്റെ കാലഘട്ടത്തിലായിരുന്നു. എന്നാൽ പിന്നീട് പുത്തൻചിറ പള്ളി വികാരിയായി സ്ഥാനമേറ്റ കിഴക്കേ പള്ളി ഇടവകക്കാരൻ കൂടിയായ ബഹു. അമ്പൂക്കൻ സിറിയക് അച്ചനാണ് പള്ളിയുടെ തുടർനിർമ്മാണത്തിന് നേതൃത്വം നല്കിയത്. പള്ളിക്ക് രൂപവും ഭാവവും കൈവന്നതോടെ, പള്ളിയിലെ ദൈനംദിനാവശ്യങ്ങൾക്കായുള്ള പലതും വ്യക്തിഗത സംഭാവനകളിലൂടെ നിറവേറിക്കൊണ്ടിരുന്നു.

## ദേവാലയം, ഇടവക

ദൈർഘ്യമേറിയ ഒരു നിർമ്മാണ കാലഘട്ടത്തിന് വിരാമം കുറിച്ചുകൊണ്ട് 1975 ഏപ്രിൽ 26-ാം തിയ്യതി അഭിവന്ദ്യ തൃശ്ശൂർ ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം തിരുമേനി ഈ ദേവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു; 24.04.19977-ൽ ഇടവകയായി ഉയർത്തുകയും ചെയ്തു. ദേവാലയ കൂദാശ, പുണ്യചരിതയായ മദർ മറിയം ത്രേസ്യയുടെ 100-ാം ജന്മദിനത്തിൽത്തന്നെ സാധ്യമായി എന്നത് ദൈവാനുഗ്രഹമായി.

## വൈദിക മന്ദിരം, സ്ഥിരവാസമുള്ള വികാരി

ബഹു. സിറിയക് അമ്പൂക്കനച്ചൻ തന്നെ മുൻകയ്യെടുത്ത്, ഇടവകക്കാരുടെ സഹകരണത്തോടെ ഒരു വൈദികമന്ദിരം യാഥാർത്ഥ്യമാക്കി. പള്ളിയുടെ മുൻവശത്ത് കാണുന്ന വിശുദ്ധ യൗസേപ്പിതാവിന്റെ ലളിതവും എന്നാൽ മനോഹരവുമായ കപ്പേള, ബഹു. ജോസ് തെക്കേക്കരയച്ചൻ ഇവിടെ വികാരിയായിരുന്നപ്പോൾ പണികഴിപ്പിച്ചതാണ്. പുളി



വൈദിക മന്ദിരം

യിലക്കുന്ന് ബാലഭവന്റെ വകയായി കോൾക്കുന്നിലു ണ്ടായിരുന്ന കപ്പേള 1981-ൽ ഈ പള്ളിക്ക് ലഭിക്കുകയുണ്ടായി.

ബഹു. സെബാസ്റ്റ്യൻ ഈഴേക്കാടനച്ചന്റെ നേതൃ പാടവത്തിൽ, വൈദിക മന്ദിരത്തോട് ചേർന്ന് ഒരു മിനി പാരിഷ് ഹാൾ നിർമ്മിച്ചത് ഇടവകക്കാർക്ക് പലതു കൊണ്ടും അനുഗ്രഹപ്രദമായി. ബഹു. ജോസ് എ. ചിറ്റിലപ്പിള്ളിയച്ചൻ, നിലവിലുള്ള വൈദികമന്ദിരത്തിന് മുകളിൽ മറ്റൊരു നിലകൂടി പണികഴിപ്പിക്കുകയും, ഇടവക ജനത്തെ മുഴുവനും ഉൾക്കൊള്ളാനുള്ള പള്ളിയുടെ അപര്യാപ്തത കണക്കിലെടുത്ത് ഒരു വിങ്ങ് കൂട്ടിച്ചേർത്ത് പള്ളിയുടെ വിസ്തൃതി വർദ്ധിപ്പിക്കുകയും ചെയ്തു.

## മതബോധനകേന്ദ്രം, പാരിഷ് ഹാൾ

ഇടവകയിൽ മതബോധനത്തിന്റെ വലിയ പ്രാധാന്യം മനസ്സിലാക്കിയ ഇന്നാട്ടുകാരനായ പ്രൊഫസർ പി.സി. തോമസ് ഇടവകയിൽ ഒരു മതബോധന കേന്ദ്രം പണിയുകയെന്നത് തന്റെ പ്രേഷിതദൗത്യമായി കാണുകയും, സ്വന്തം ചെലവിൽ അത് പണികഴിപ്പിച്ച് പള്ളിയിലേക്ക് സംഭാവനനല്കുകയും ചെയ്തു. ഇക്കാല ഘട്ടങ്ങളിൽ ബഹു. ഡേവിസ് കല്ലിങ്ങലച്ചനായിരുന്നു വികാരി. അദ്ദേഹത്തിന് മുൻപ് വികാരിയായിരുന്ന ബഹു. ആലൂക്ക തോമസച്ചന്റെ നേതൃത്വത്തിൽ. സെന്റ് ജോസഫ്സ് പള്ളിയുടെ സിൽവർ ജൂബിലി സ്മാരകമായി നിർമ്മിക്കുന്ന പാരിഷ് ഹാളിന്റെ നിർമ്മാണ ജോലികൾ ആരംഭിച്ചിരുന്നു. 2006-ൽ അതിന്റെ ആശീർവ്വാദകർമ്മം നടത്തുവാൻ സാധ്യമായത് ബഹു. കല്ലിങ്ങലച്ചന്റെ ശ്രമഫലമായിരുന്നു.



പാരിഷ് ഹാൾ

## വിവിധ സ്ഥാപനങ്ങൾ

ഹോളിഫാമിലി കോൺവെന്റ്, മറിയം ത്രേസ്യ ഹോസ്പിറ്റൽ, സെന്റ് മേരീസ് കോൺവെന്റ്, സെന്റ് ജോസഫ്സ് കോൺവെന്റ്, ഫാമിലി റിന്യൂവൽസെന്റർ (FRC), എസ്.എച്ച്, കോൺവെന്റ്, പാദുവ ആശ്രമം, സ്വീറ്റ് ഹോം (വൃദ്ധ ഭവനം), സെന്റ് മേരീസ് നേഴ്സറി സ്ക്കൂൾ, സെന്റ് മേരീസ് പ്രൈമറി സ്ക്കൂൾ, സെന്റ് മേരീസ് ഗേൾസ് ഹൈസ്ക്കൂൾ, സെന്റ് മേരീസ് ഗേൾസ് ഹയർ സെക്കന്ററി സ്ക്കൂൾ.



ഹോളിഫാമിലി കോൺവെന്റ് & തിരുഹൃദയസ്തംഭം



വാ. മറിയംത്രേസ്യ കോൺവെന്റ് & എഫ്.ആർ.സി.



കപ്ലോൻ വസതി, കുഴിക്കാട്ടുശ്ശേരി



ഹോളിഫാമിലി കോൺവെന്റ് ചാപ്പൽ



മണിമാളിക
(ഹോളിഫാമിലികോൺവെന്റ്)



പാദുവ ആശ്രമം



പാദുവ (സെന്റ് ആന്റണീസ്) ആശ്രമദേവാലയം



സേക്രഡ് ഹാർട്ട് സി.എച്ച്.എഫ്. കോൺവെന്റ്



സെന്റ് മേരീസ് എൽ.പി. സ്‌ക്കൂൾ



സെന്റ് മേരീസ് ഹൈസ്‌ക്കൂൾ



ഹയർസെക്കന്ററി സ്‌ക്കൂൾ



മറിയം ത്രേസ്യ ഹോസ്പിറ്റൽ, കുഴിക്കാട്ടുശ്ശേരി




നഴ്‌സിംഗ് സ്‌ക്കൂൾ (മറിയംത്രേസ്യ ഹോസ്പിറ്റൽ)



സെന്റ് മേരീസ് കോൺവെന്റ് & ഹോസ്റ്റൽ



സെന്റ് ജോസഫ് കോൺവെന്റ്



വാഴ്ത്തപ്പെട്ട മറിയംത്രേസ്യ മ്യൂസിയം



'സ്വീറ്റ് ഹോം' (വൃദ്ധഭവനം)



സെന്റ് ജെയിംസ് കപ്പേള

## ഉപസംഹാരം

237 കത്തോലിക്കാ കുടുംബങ്ങളും, 1200-ഓളം വിശ്വാസികളുമായി മൂന്ന് പതിറ്റാണ്ടുകൾക്കുമുമ്പ് പ്രവർത്തനം ആരംഭിച്ച ഈ ഇടവക ഇന്ന് ഏറെ വികസിതമായിരിക്കുന്നു. 16 കുടുംബയൂണിറ്റുകളിലായി 483 കുടുംബങ്ങളും 2180-ഓളം വിശ്വാസികളുമാണ് ഇന്ന് ഇടവകയിലുള്ളത്. വശ്യമനോഹരമായ പുത്തൻചിറ ഗ്രാമത്തിന്റെ കിഴക്കേ കവാടത്തിലാണ് വിശുദ്ധ യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള ഈ ഇടവക ദേവാലയം സ്ഥിതിചെയ്യുന്നത്.



കപ്ലോന്റെ വസതി (എം.ടി. ഹോസ്പിറ്റൽ)